കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം - കോഴിക്കോട് മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ സംവിധാനം ഒന്നാം ഘട്ടം എന്ന പ്രവൃത്തിക്ക് തുകയനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ്**

**സ.ഉ.(സാധാ) നം.3270/2018/ധന.** **തീയതി, തിരുവനന്തപുരം, 07/04/2018**

---

പരാമർശം : 1) 04/07/2017 ലെ സ.ഉ. (അ) നം. 86/2017/ധന ഉത്തരവ്.
2) കോഴിക്കോട് ജില്ലാ കളക്ടറുടെ 14/03/2018 ലെ ആർ.ഡി2.740/18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ -കോഴിക്കോട് മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ സംവിധാനം ഒന്നാം ഘട്ടം എന്ന പ്രവൃത്തിക്ക് കോഴിക്കോട് ജില്ലയിലെ എം.എൽ.എ മാരുടെ 2017-2018 ലെ മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും 95 ലക്ഷം രൂപ എം.എൽ.എ മാരുടെ അനുമതിയ്ക്ക് വിധേയമായി വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോഴിക്കോട്നോർത്ത് നിയോജകമണ്ഡലത്തിലെ കോഴിക്കോട് മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ സംവിധാനം ഒന്നാം ഘട്ടം എന്ന പ്രവർത്തിക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 95 ലക്ഷം രൂപ (തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) എം.എൽ.എ മാരുടെ അനുമതിയ്ക്ക് വിധേയമായി വിനിയോഗിക്കുവാൻ പരാമർശം (1)ൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ. നം . | നിയോജക മണ്ഡലത്തിന്റെ പേര് | എം . എൽ . എയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കോഴിക്കോട് നോർത്ത് | എ . പ്രദീപ് കുമാർ | 25 |
| 2 | കോഴിക്കോട് സൗത്ത് | എം . കെ . മുനീർ | 10 |
| 3 | എലത്തൂർ | എ . കെ . ശശീന്ദ്രൻ | 10 |
| 4 | ബേപ്പൂർ | വി . കെ . മമ്മദ്കോയ | 10 |

| | | | |
|---|---|---|---|
| 5 | കുന്ദമംഗലം | അഡ്വ . പി . ടി . എ റഹിം | 10 |
| 6 | കൊടുവള്ളി | കാരാട്ട് റസാഖ് | 10 |
| 7 | ബാലുശ്ശേരി | പുരുഷൻ കടലുണ്ടി | 10 |
| 8 | നാദാപുരം | ഇ . കെ വിജയൻ | 10 |
| **ആകെ** | | | **95** |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ഉഷ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

To,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ)), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ കോഴിക്കോട്
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (E789356)

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**